# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8145: 24/07/2012- ൽ മറുപടിക്ക്**

**ആലപ്പുഴയിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ**

**ചോദ്യം** | **ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകൾ എത്രയാണെന്നും അവ ഏതെല്ലാ- മാണെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം 71 ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ടി യൂണിറ്റുകളുടെ ലിസ്റ്റ് അനുബന്ധമായിവച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ അടച്ചുപൂട്ടപ്പെട്ട ചെറുകിട വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്നും, അവ അടച്ചുപൂട്ടാനുണ്ടായ കാരണങ്ങൾ എന്തെല്ലാമായിരുന്നു വെന്നും വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെ അടച്ച് പൂട്ടിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | ജില്ലയിൽ അടച്ചുപൂട്ടപ്പെട്ട- മായിരുന്ന ഏതെങ്കിലും ചെറുകിട സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്നു വ്യക്തമാക്കാമോ; | (സി) | ഈ കാലയളവിൽ ചെറുകിട സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്ന ഒരു അവസ്ഥ ജില്ലയിൽ സംജാതമായിട്ടില്ല. |
| (ഡി) | ഇരുമ്പ്, ഉരുക്ക് നിർമ്മാണ ഘടകങ്ങളായി ഉപയോഗിച്ചിരുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളും തൊഴിൽശാലകളും ചേർത്തല താലൂക്കിൽ ഈ സർക്കാരിന്റെ കാലയളവിൽ അടച്ചുപൂട്ടിയിട്ടുണ്ടോ; ഇവ നിലനിർത്താനും ഇവിടങ്ങളിലെ തൊഴിലാളികളെ സംരക്ഷിക്കാനും കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ ചേർത്തല താലൂക്കിൽ ഇരുമ്പ്, ഉരുക്ക് നിർമ്മാണ ഘടകങ്ങളായി ഉപയോഗിച്ചിരുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളും തൊഴിൽ ശാലകളും അടച്ചു പൂട്ടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ